അന്താരാഷ്ട്രീയം

എം.സി.എ നാസർ

# വിരട്ടൽ തന്ത്രങ്ങളുടെ പിറ്റ്സ്ബർഗ് ഉച്ചകോടി

**ജി-7, ജി-8, ജി-10, ജി-20 ഉൾപ്പെടെ സമ്പന്ന കൂട്ടായ്മകൾ മാന്ദ്യം ചർച്ച ചെയ്യാൻ തലങ്ങും വിലങ്ങും യോഗം ചേർന്നതു മിച്ചം. മാന്ദ്യത്തിന്റെ കാതലായ ഭാഗം മാത്രം എവിടെയും ചർച്ചക്കു വന്നില്ല. തൊലിപ്പുറ ചികിത്സകൾ ധാരാളം നടന്നു. കെട്ടുകാഴ്ചകളായി എല്ലാം പെട്ടെന്നൊടുങ്ങി.**

**കഴിഞ്ഞ** വർഷം മധ്യത്തോടെ രൂപംകൊണ്ട സാമ്പത്തിക പ്രതിസന്ധി ഇപ്പോഴും ഒഴിഞ്ഞുമാറിയിട്ടില്ല. ആപൽക്കരമായ അതിന്റെ പ്രത്യാഘാതങ്ങൾ തുടരുന്നു. അമേരിക്കയിൽ തുടങ്ങി യൂറോപ്പിലൂടെ കടന്ന് ലോകം മുഴുക്കെ ഗ്രസിച്ച മാന്ദ്യം ദരിദ്ര രാജ്യങ്ങളുടെ സ്ഥിതി കൂടുതൽ വഷളാക്കുകയായിരുന്നു.

വിപണിയുടെ വിശ്വാസ്യത നഷ്ടപ്പെട്ടതോടെ നിക്ഷേപങ്ങളുടെ വരവ് നിലച്ചു. ചുരുങ്ങിയ കാലത്തിനുള്ളിൽ അമ്പരപ്പിക്കുമാറ് വികാസം പ്രാപിച്ച സംരംഭങ്ങളും സ്ഥാപനങ്ങളുമാണ് നമുക്കു മുന്നിൽ കുമിള കണക്കെ പോയ മാസങ്ങളിൽ വീണുടഞ്ഞത്. നീക്കിവെപ്പുകൾ മാറ്റിയും വായ്പയെടുത്തും സ്ഥാപനങ്ങളെ രക്ഷിക്കാനായിരുന്നു സർക്കാറുകളുടെ തീവ്രശ്രമം. ബാങ്കുകളുടെ ദേശസാത്കരണവും സജീവമായി. ധനകാര്യ വിപണിക്കായി പലവിധ ഉത്തേജക പദ്ധതികളും വന്നു. എന്നാൽ ഹ്രസ്വകാലത്തേക്കുള്ള പ്രഹരം എന്നതിനപ്പുറം മാന്ദ്യത്തെ വിലയിരുത്തുന്നതിലും ബദൽ നടപടികൾ സ്വാംശീകരിക്കുന്നതിലും ലോകത്തിനു കഴിഞ്ഞില്ല.




വൻശക്തി രാഷ്ട്രങ്ങൾ പോലും ഇരുട്ടിൽ തപ്പുകയാണ്. കഴിഞ്ഞ ദിവസം സമാപിച്ച ജി-20 ഉച്ചകോടിയിലും കണ്ടത് മറ്റൊന്നല്ല. മൂന്നു പതിറ്റാണ്ടുകളായി ഐ.എം.എഫും ലോക ബാങ്കും ആവിഷ്കരിച്ച ദിശാരഹിതമായ നടപടികളുടെ കൂടി തകർച്ചയായിരുന്നു ആഗോള സാമ്പത്തിക മാന്ദ്യം. ധനകാര്യ സ്ഥാപനങ്ങൾ മുഴുവൻ അഴിച്ചുപണിയാൻ മാന്ദ്യം രാജ്യങ്ങളെ പ്രേരിപ്പിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. അതൊന്നും പക്ഷേ, വി

ജയിച്ചില്ല. വികസ്വര-ദരിദ്ര രാജ്യങ്ങളിൽ പലതിനും മാന്ദ്യത്തിന്റെ ആഘാതത്തിൽ നിന്ന് പുറത്തുകടക്കാൻ ഇനിയും വർഷങ്ങൾ വേണ്ടിവന്നേക്കും. സ്വകാര്യ നിക്ഷേപ പ്രവാഹം നിലച്ചതോടെ പദ്ധതികൾ പലതും റദ്ദാക്കപ്പെടുകയായിരുന്നു.

സാമ്പത്തിക മാന്ദ്യം തൊഴിൽ മേഖലക്കാണ് മാരക പ്രഹരം നൽകിയത്. ലോകത്തുടനീളം മാന്ദ്യം മൂലം 51 ദശലക്ഷം പേർക്ക് ജോലി നഷ്ടപ്പെട്ടുവെന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘടന(ഐ.എൽ.ഒ)യുടെ വിലയിരുത്തൽ. ഈ സാഹചര്യം ഒരുക്കിയതാകട്ടെ വൻശക്തി രാജ്യങ്ങളും. അവരുടെ ധാർഷ്ട്യവും ദുരയും ദുർവ്യയവും ചേർന്ന് ലോകത്തെ സങ്കീർണമായ അനിശ്ചിതത്വത്തിലേക്ക് വലിച്ചെറിയുകയായിരുന്നു. ജി-7, ജി-8, ജി-10, ജി-20 ഉൾപ്പെടെ സമ്പന്ന കൂട്ടായ്മകൾ മാന്ദ്യം ചർച്ച ചെയ്യാൻ തലങ്ങും വിലങ്ങും യോഗം ചേർന്നതു മിച്ചം. വികസ്വര, ദരിദ്ര രാജ്യങ്ങൾ കാഴ്ചക്കാരായി നിന്നതോടെ മാന്ദ്യത്തിന്റെ അജണ്ട നിർണയിച്ചതും ഇക്കൂട്ടർ തന്നെ. യു.എൻ പൊതുസഭയും ജി-8 ഉച്ചകോടിയും ദാവോസ് ലോക സാമ്പത്തിക ഫോറവും വലിയ പ്രതീക്ഷകൾ നൽകി. എന്നാൽ മാന്ദ്യത്തിന്റെ കാതലായ ഭാഗം മാത്രം എവിടെയും ചർച്ചക്കു വന്നില്ല. തൊലിപ്പുറ ചികിത്സകൾ ധാരാളം നടന്നു. താൽക്കാലിക പരിഹാര പ്രക്രിയകളിലൂടെ മാന്ദ്യം മറികടക്കുമെന്ന് ഊറ്റംകൊണ്ടു. കെട്ടുകാഴ്ചകളായി എല്ലാം പെട്ടെന്നൊടുങ്ങി.

## പിറ്റ്സ്ബർഗിൽ കേൾക്കാതെ പോയത്

പിറ്റ്സ്ബർഗിൽ അമേരിക്കൻ അധ്യക്ഷതയിൽ ചേർന്ന ജി-20 രാജ്യങ്ങളുടെ കൂട്ടായ്മയിലും സ്ഥിതി ഭിന്നമായിരുന്നില്ല. ഉച്ചകോടിയുടെ അജണ്ട നിർണയിക്കുന്നതിൽ തന്നെ ഭിന്നത പ്രകടമായിരുന്നു. പലവിധ താൽപര്യങ്ങളുടെ ഏറ്റുമുട്ടൽ ആദ്യവസാനം നീണ്ടു. ധനകാര്യ മേഖലയുടെ രക്ഷ ഉറപ്പാക്കാൻ സമൂല പരിഷ്കരണം വേണമെന്ന വാദം ശക്തമായിരുന്നു. മാന്ദ്യം മറികടക്കാൻ ബദൽ നടപടികൾ കണ്ടെത്തണമെന്ന നിർദേശവും ഉയർന്നിരുന്നു. എന്നാൽ ഈ രണ്ടു കാര്യങ്ങളിലും ഗൗരവപൂർണമായ നടപടികൾ ഒന്നും ഉണ്ടായില്ല. എണ്ണയേതര വികസ്വര രാജ്യങ്ങളുടെ അടിത്തറ മാന്ദ്യം തകർത്തെങ്കിലും ഏഷ്യൻ മേഖലയിലെ പുതിയ കരുത്തന്മാരായി തങ്ങൾ മാറിയെന്ന അഹങ്കാരമായിരുന്നു ചില രാജ്യങ്ങൾക്ക്. നിൽക്കുന്ന തറയുടെ ദൗർബല്യം മറച്ചുപിടിക്കാൻ വൻശക്തി രാഷ്ട്രങ്ങളെ പോലെ ഇവരും മത്സരിക്കുകയായിരുന്നു പിറ്റ്സ്ബർഗിൽ.

അമേരിക്കൻ ധനകാര്യവിപണിയുടെ തകർച്ചയോടെ ഒറ്റ വർഷം കൊണ്ട് 900 ബില്യൻ ഡോളറിന്റെ നഷ്ടമാണ് വിവിധ രാജ്യങ്ങൾക്കു നേരിട്ടത്. രക്ഷാ പാക്കേജുകൾ ഒരിക്കലും നല്ലൊരു പരിഹാരമല്ല എന്നറിയാത്തവരല്ല പിറ്റ്സ്ബർഗിൽ സമ്മേളിച്ചവർ. പൊടുന്നനെ പദ്ധതികൾ പിൻവലിക്കരുതെന്ന വിലാപമാണ് എല്ലാ ഭാഗത്തു നിന്നും ഉയർന്നു കേട്ടത്. ഇത്തരം പാക്കേജുകളാണ് പല സമ്പദ്ഘടനകളെയും താങ്ങി നിർത്തുന്നതെന്ന കാര്യം സത്യം.

ധനകമ്മി വിവിധ രാജ്യങ്ങളിൽ മാറ്റമില്ലാതെ തുടരുന്നു. ഓഹരി വിപണിയിലും റിയൽ എസ്റ്റേറ്റ് രംഗത്തും ആശാവഹമായ പുരോഗതി ദൃശ്യവുമല്ല. കൂടുതൽ കടുപ്പമേറിയ മറ്റൊരു മാന്ദ്യം ആസന്നഭാവിയിൽ ലോകത്തെ ബാധിച്ചു കൂടായ്കയില്ല എന്ന മുന്നറിയിപ്പും ചില സാമ്പത്തിക വിദഗ്ധർ നൽകുന്നുണ്ട്. പക്ഷേ, പിറ്റ്സ്ബർഗിൽ ഈ ആശങ്കയൊന്നും കണ്ടില്ല.

വാഗ്ധോരണിക്കപ്പുറം അമേരിക്കയിലെ ധനകാര്യ ലോബിയെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ ഒബാമക്ക് ഇനിയും കഴിഞ്ഞിട്ടില്ല. യു.എസ് ധനകാര്യ വിപണിയിൽ മാറ്റം വരാത്തിടത്തോളം കാലം ലോക സമ്പദ് ഘടനയിൽ ഉണർവിന് സാധ്യതയും കുറവ്. ഉൽപാദന മേഖലകളിലേക്ക് പണം വരുമാറ് മൂർത്തവും പ്രായോഗികവുമായ നടപടികൾക്ക് വൻശക്തി രാഷ്ട്രങ്ങൾ തയാറായതുമില്ല.

ഇതിന്റെ നേർക്കു നേരെയുള്ള പ്രത്യാഘാതമാണ് രൂക്ഷത പ്രാപിച്ച തൊഴിലില്ലായ്മ. അമേരിക്കയിൽ ദിനംപ്രതി 1.4 ദശലക്ഷംപേർക്ക് തങ്ങളുടെ മെഡിക്കൽ ഇൻഷുറൻസ് നഷ്ടപ്പെടുന്ന സാഹചര്യം ഇപ്പോഴുണ്ട്. മാന്ദ്യത്തിന്റെ പ്രത്യാഘാതം ലോകം ഒന്നിച്ചു വേണം ഏറ്റെടുക്കാനെന്ന് ഒബാമ പറയുന്നു. സ്വയം വരുത്തിവെച്ച താളഭംഗമാണിത്. അതുൾക്കൊള്ളാതെ ബാധ്യത മറ്റുള്ളവരുടെ തലയിലേക്ക് മറിച്ചിടുകയാണ് ഒബാമ. അമേരിക്ക മാത്രമല്ല മറ്റു വൻശക്തി രാജ്യങ്ങളും ഇതിനു താളം പിടിക്കുന്നു.

അതിനിടയിൽ നിവൃത്തികേടു കൊണ്ടാകണം ഇന്ത്യ ഉൾപ്പെടെ വികസ്വര രാജ്യങ്ങൾക്ക് ചില സാന്ത്വനങ്ങൾ നൽകാൻ പിറ്റ്സ്ബർഗിൽ ഇവർ തീരുമാനിച്ചത് ശ്രദ്ധേയം. വികസ്വര രാജ്യങ്ങൾക്ക് ഐ.എം.എഫ്, ലോക ബാങ്ക് വേദികളിൽ വോട്ടവകാശം വിപുലീകരിച്ചതാണ് ഇതിൽ പ്രധാനം. ഐ.എം.എഫിൽ 5 ശതമാനവും ലോകബാങ്കിൽ 3 ശതമാനവും വോട്ടവകാശത്തിൽ മാറ്റം വരുത്താനാണ് തീരുമാനം. വോട്ടവകാശത്തിൽ 7 ശതമാനത്തിന്റെ മാറ്റമായിരുന്നു ഇന്ത്യ ആവശ്യപ്പെട്ടത്. സാമ്പത്തിക തിരിച്ചടി കാരണം വൻശക്തി രാഷ്ട്രങ്ങൾ വികസ്വര രാജ്യങ്ങളോട് ഇക്കാര്യത്തിൽ 'ഉദാരത' പുലർത്തുകയായിരുന്നു. സാമ്പത്തിക നിയന്ത്രണംശക്തമാക്കുന്നതിലും ഏകീകരിക്കുന്നതിലും വികസ്വര രാജ്യങ്ങളുടെ ശ്രമങ്ങൾ കൂടി പ്രയോജനപ്പെടുത്താനും ധാരണയായിട്ടുണ്ട്. സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് പ്രഖ്യാപിച്ച ഉത്തേജക പദ്ധതികൾ പൊടുന്നനെ പിൻവലിക്കരുതെന്ന ആവശ്യം അംഗീകരിച്ചതും വലിയ നേട്ടമാണെന്ന് പ്രധാനമന്ത്രി മൻമോഹൻ സിംഗ് ആശ്വാസം കൊള്ളുന്നു.

## ആണവ രാഷ്ട്രീയവും യാങ്കി ധാർഷ്ട്യവും

ആണവ പ്രശ്നത്തിൽ അമേരിക്ക ഉൾപ്പെടെ വൻശക്തി രാഷ്ട്രങ്ങളുടെ നിലപാടിൽ ഒരു മാറ്റവുമില്ലെന്ന് ഒരിക്കൽ കൂടി തെളിഞ്ഞു. തങ്ങൾക്കു പുറമെ ആർക്കും ആണവശക്തി പാടില്ലെന്നു തന്നെയാണ് ഇവരുടെ ധാർഷ്ട്യം. ഇറാനെ മാത്രമല്ല ഇന്ത്യയെ പോലും ഈ വിഷയത്തിൽ വിശ്വാസത്തിലെടുക്കാൻ ഇവർ ഒരുക്കമല്ല. കഴിഞ്ഞ ദിവസം ചേർന്ന യു.എൻ പൊതുസഭയിൽ ആണവ നിർവ്യാപന പ്രമേയം കൊണ്ടുവന്ന അമേരിക്കൻ നീക്കത്തിൽ ഇക്കാര്യം കൂടുതൽ വ്യക്തം. കരാറിൽ ഉൾപ്പെട്ടിട്ടില്ലാത്ത രാജ്യങ്ങൾ അതിൽനിന്ന് വിട്ടുനിൽക്കരുതെന്നാണ് അമേരിക്കയുടെ അന്ത്യശാസനം. ഇന്ത്യയെയും മറ്റും വീഴ്ത്താനുള്ള ചതിക്കുഴിയായിരുന്നു ഇത്. എന്നാൽ ഇന്ത്യക്കെതിരായ പ്രമേയമല്ല ഇതെന്ന് അമേരിക്ക ഉറപ്പു നൽകിയെന്നാണ് പിറ്റ്സ്ബർഗിൽ മൻമോഹൻ സിംഗ് ആശ്വസിച്ചത്. പ്രമേയം ഒരുനിലക്കും അംഗീകരിക്കാൻ കഴിയില്ലെന്ന് ഇന്ത്യ വ്യക്തമാക്കുകയും ചെയ്തു. ആഭ്യന്തര സമ്മർദം അത്തരമൊരു ഉറച്ച നിലപാട് സ്വീകരിക്കാൻ കേന്ദ്ര സർക്കാറിന് പ്രേരണയാകുമെന്നു കരുതാം. ഒബാമയുടെ അധ്യക്ഷതയിൽ ചേർന്ന യു.എൻ രക്ഷാ സമിതി യോഗം യഥാർഥ വിരട്ടൽ തന്ത്രം തന്നെയാണ് ഉപയോഗിച്ചത്.

യു.എൻ പൊതുസഭക്കു മുമ്പാകെ

ഇറാൻ പ്രസിഡന്റ് അഹ്മദ് നിജാദ് ഇത്തവണയും ചില കാര്യങ്ങൾ തുറന്നടിച്ചു. എന്നാൽ നിജാദിന്റെ പ്രസംഗം ശ്രവിക്കാനുള്ള സാമാന്യ മര്യാദ പോലും അമേരിക്കയുടെയും ബ്രിട്ടന്റെയും ഫ്രാൻസിന്റെയും പ്രതിനിധികൾ കാണിച്ചില്ല. കൊളോണിയൽ ധാർഷ്ട്യത്തിന്റെ പ്രതിഫലനം മാത്രമല്ല അടിസ്ഥാനപരമായ ഭീരുത്വം കൂടിയാണ് അവർ ഇതിലൂടെ പ്രതീകവത്കരിച്ചത്. ആവിഷ്കാര സ്വാതന്ത്ര്യവും സഹിഷ്ണുതയും ഇറാന്റെ കാര്യത്തിൽ പാടില്ലെന്ന് തീർത്തും അപക്വമായ ഈ തിരസ്കാരത്തിലൂടെ ഇക്കൂട്ടർ തെളിയിക്കുകയായിരുന്നു. ലോക്കർബി ദുരന്തത്തിന്റെ പേരിൽ ലിബിയൻ പ്രസിഡന്റ് കേണൽ ഗദ്ദാഫിയെ അനുനയിപ്പിക്കാനുള്ള നീക്കവും അത്രയൊന്നും വിജയിച്ചില്ലെന്നും തെളിഞ്ഞു. മുസ്‌ലിം ലോകത്തിനെതിരെ അമേരിക്ക നടത്തുന്ന നീക്കങ്ങളെ, ഐക്യരാഷ്ട്ര സംഘടനയെ മുൻനിർത്തി വൻശക്തികൾ നടത്തുന്ന തന്ത്രങ്ങളെ ഗദ്ദാഫി നിശിതമായി വിമർശിച്ചു. വിധേയന്മാരെ മാത്രം സൃഷ്ടിച്ചെടുക്കുന്ന പുതിയ ലോകക്രമത്തിൽ എതിരിടൽ വീര്യം കാത്തുസൂക്ഷിക്കാനുള്ള നിജാദിന്റെയും ഗദ്ദാഫിയുടെയും വെമ്പൽ ഏറെ ആശ്വാസകരമാണ്.

ആണവ പദ്ധതിയുടെ പേരിൽ ഇറാനെതിരെ ആക്രോശം അഴിച്ചുവിടാനും ഒബാമ മറന്നില്ല. ബുഷിന്റെ അതേ സ്വരം കടംകൊള്ളുകയായിരുന്നു ഒബാമ ഇവിടെ. ആണവ പദ്ധതികൾ നിർത്തിവെക്കണമെന്നും അല്ലാത്ത പക്ഷം കടുത്ത നടപടികൾ സ്വീകരിക്കേണ്ടിവരുമെന്നുമാണ് ഒബാമ നൽകുന്ന മുന്നറിയിപ്പ്. ഫ്രാൻസും മറ്റും ഇതിനെ പിന്തുണക്കാനും മറന്നില്ല. എന്നാൽ ചൈന വിയോജിപ്പുമായി രംഗത്തുവന്നു. ഇറാനെതിരെ കൂടുതൽ ഉപരോധം ഏർപ്പെടുത്തുന്നതിനെ ചെറുക്കുമെന്നും ചൈന വ്യക്തമാക്കി.

യാങ്കിയുടെ ഭീഷണിക്കു മുന്നിൽ മുട്ടുമടക്കില്ലെന്ന് തെളിയിച്ച് മിസൈൽ പരീക്ഷണങ്ങൾ ഇറാൻ തുടരുകയാണ്. രാജ്യത്തിന്റെ സുരക്ഷ മുൻനിർത്തിയുള്ള നീക്കം മാത്രമാണിതെന്നാണ് നിജാദ് ഭരണകൂടം നൽകിയ വിശദീകരണം. എന്നാൽ മിസൈൽ പരീക്ഷണങ്ങൾ മേഖലയുടെ സുരക്ഷക്ക് വൻഭീഷണിയാണെന്ന് അമേരിക്കയും കുറ്റപ്പെടുത്തുന്നു.

ഇറാനെതിരെ കൂടുതൽ കടുപ്പമേറിയ ഉപരോധമാണ് യാങ്കി അടുക്കളയിൽ വെന്തുവരുന്നത്. ചൈനയും റഷ്യയും ഇറാനോട് ചേർന്നു നിന്നാൽ തന്ത്രങ്ങൾ പലതും പാളും. തുർക്കി ഭരണാധികാരി ഉർദുഗാൻ ഇറാൻ നേതൃത്വവുമായി അടുത്ത ബന്ധം പുലർത്തിവരുന്നതും വൻശക്തി രാഷ്ട്രങ്ങൾക്ക് ദഹിക്കുന്നില്ല.



■ ഇറാന്റെ മിസൈൽ പരീക്ഷണം

**യാങ്കിയുടെ ഭീഷണിക്കു മുന്നിൽ മുട്ടുമടക്കില്ലെന്ന് തെളിയിച്ച് മിസൈൽ പരീക്ഷണങ്ങൾ ഇറാൻ തുടരുകയാണ്. ഇറാനെതിരെ കൂടുതൽ കടുപ്പമേറിയ ഉപരോധമാണ് യാങ്കി അടുക്കളയിൽ വെന്തുവരുന്നത്. ചൈനയും റഷ്യയും ഇറാനോട് ചേർന്നു നിന്നാൽ തന്ത്രങ്ങൾ പലതും പാളും.**

സ്വന്തം ശക്തി തിരിച്ചറിയാത്ത അവസ്ഥയിൽ നീങ്ങുന്ന ഇന്ത്യയുടെ നിലപാടാണ് ഇറാനെ പോലുള്ള രാജ്യങ്ങൾക്ക് സങ്കടം നിറക്കുന്നത്. ഇറാനുമായുള്ള ഗ്യാസ് പൈപ്പ്‌ലൈൻ പദ്ധതിയിൽ നിന്നു പോലും ഇന്ത്യയെ പിന്തിരിപ്പിക്കാൻ അമേരിക്കക്കു കഴിഞ്ഞു. വൻശക്തികൾക്കെതിരായ പൊതുവികാരം മുതലെടുക്കാൻ ഇന്ത്യ താൽപര്യമെടുക്കുന്നില്ല. ലോകത്തിന്റെ തന്നെ ഗതി മാറ്റിമറിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. ഇന്ത്യൻ നേതൃത്വം അതിന് തയാറാകുന്നില്ല എന്നതാണ് ഏറ്റവും വലിയ ദുരന്തം.

## ഒബാമ എവിടെ നിൽക്കുന്നു?

ഒബാമക്കൊപ്പം ഇസ്രയേലും ഇറാനു മേൽ കടുത്ത ഉപരോധം വേണമെന്ന ആവശ്യം ഉന്നയിച്ചു രംഗത്തുണ്ട്. ആണവ നിർവ്യാപന കരാറിൽ ഒപ്പുവെച്ച രാഷ്ട്രം എന്ന നിലക്ക് ഇറാന് ആണവോർജം ഉപയോഗിക്കാനുള്ള ന്യായമായ അവകാശത്തെയാണ് യാങ്കിയും ജൂതരാഷ്ട്രവും വൻശക്തികളും ചോദ്യം ചെയ്യുന്നത്. അന്താരാഷ്ട്ര ആണവോർജ സമിതി പലവട്ടം ഇറാനിൽ പരിശോധന നടത്തിയതാണ്. ഇറാൻ ഒരിക്കലും വഴിവിട്ട രീതി അവലംബിച്ചതായി പരിശോധകർക്ക് അനുഭവപ്പെട്ടിട്ടുമില്ല. ഇറാന്റെ യുറേനിയം സംസ്കരണ പദ്ധതി ആണവായുധങ്ങൾക്കായി ഉപയോഗിക്കുമെന്നാണ് അമേരിക്കയും ഇസ്രയേലും പ്രചരിപ്പിക്കുന്നത്.

ആണവ നിർവ്യാപന കരാറിൽ ഒപ്പുവെക്കാൻ പോലും വിസമ്മതിച്ച രാജ്യമാണ് ഇസ്രയേൽ എന്നോർക്കണം. നിയമവിരുദ്ധമായി ആണവായുധങ്ങൾ ഇസ്രയേൽ ഉണ്ടാക്കുന്നു എന്ന കാര്യം രഹസ്യമല്ല. ഇക്കാര്യത്തിൽ അമേരിക്കയുടെ പൂർണ സഹകരണവും ആ രാജ്യത്തിനുണ്ട്.

ഒബാമക്കു കീഴിലും അമേരിക്ക മാറുന്ന ലക്ഷണമില്ല. മുസ്‌ലിം ലോകവുമായി ബന്ധം മെച്ചപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച ഒബാമയിൽ നിന്ന് ആ നിലക്കുള്ള നടപടികളൊന്നും കാണുന്നില്ല. ഇസ്രയേൽ പക്ഷപാതിത്വമാകട്ടെ, ഒബാമ കൂടുതൽ വൃത്തികെട്ട രീതിയിൽ പുറത്തെടുക്കുകയും ചെയ്യുന്നു.

ബുഷിന്റെ യുദ്ധക്കൊതി മനസ് തന്നെയാണ് ഒബാമയിലും നിഴലിടുന്നത്. അഫ്ഗാനിൽ പ്രഖ്യാപിത യുദ്ധം തിമർക്കുകയാണ്; പാകിസ്താനിൽ അപ്രഖ്യാപിത യുദ്ധവും. ഒമ്പതു വർഷമായി തുടരുന്ന അഫ്ഗാൻ യുദ്ധം കൂടുതൽ ക്രൂരതകളിലേക്ക് നീങ്ങുകയാണ്. യുദ്ധസാഹചര്യത്തിൽനിന്ന് അമേരിക്ക പിൻവാങ്ങുമെന്നായിരുന്നു അധികാരമേറ്റ ഉടൻ ഒബാമ നടത്തിയ പ്രതികരണം. ഒബാമ പുതുതായി 21,000 സൈനികരെയാണ് അഫ്ഗാനിൽ എത്തിച്ചിരിക്കുന്നത്. യുദ്ധച്ചെലവ് വീണ്ടും ഉയർന്നതോടെ അമേരിക്കൻ ജനതയുടെ ജീവിതം പ്രയാസകരമായി മാറുകയാണ്. കാൽപനിക പ്രഭാഷണങ്ങൾ കൊണ്ട് ഒബാമക്ക് എത്ര കാലം ഇതിനു മറയിടാനാകും? ■

nazermca@gmail.com